## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1293 2/05/2017 ന് മറുപടിക്ക്

## വരൾച്ചമൂലമുള്ള ജലദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അൻവർ സാദത്ത് | കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | രൂക്ഷമായ വരൾച്ചമൂലമുള്ള ജലദൗർലഭ്യം നേരിടുവാൻ എന്തെല്ലാം ഇടപെടലുകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്നതെന്ന് വിശദീകരിക്കുമോ; | രൂക്ഷമായ ജലദൗർലഭ്യം പരിഹരിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി പൊതുകിണറുകളും കുളങ്ങളും അറ്റകുറ്റപണികൾ നടത്തി ഉപയോഗയോഗ്യമാക്കുകയും തൊഴിലുറപ്പ് പദ്ധതി , കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകം, എന്നിവ മുഖേന തടയണകളും , പുതിയ കുളങ്ങളും നിർമ്മിക്കുന്നതിനും നിലവിലുള്ള തോടുകളും കുളങ്ങളും ആഴം കൂട്ടുന്നതിനും നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ, കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാഹനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തുവരുന്നു. |
| ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജലസംരക്ഷണത്തിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങളിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിവരിക്കുമോ; | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി , അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ,പഞ്ചായത്തുകളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള നീർത്തട കമ്മറ്റികൾ എന്നിവ മുഖേനയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജലസംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്. |
| സി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | നിലവിലുള്ള തോടുകൾ, പൊതുകുളങ്ങൾ, പൊതുകിണറുകൾ, ഉറവകൾ , തുടങ്ങിയ ജലസ്രോതസ്സുകൾ വൃത്തിയാക്കുകയും കൂടുതൽ മഴവെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങാനായി ബണ്ടുകൾ നിർമ്മിക്കുകയും തോടുകളും കുളങ്ങളും ആഴം കൂട്ടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ